## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3060 15.02.2013- ൽ മറുപടിക്ക്**

**വരൾച്ചാക്കെടുതികൾ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. ബി.ഡി ദേവസ്സി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്തെ വരൾച്ചക്കെടുതികൾ സർക്കാർ വിലയിലുത്തുക ഉണ്ടായോ ; | (എ) | വിലയിരുത്തുകയുണ്ടായി. |
| (ബി) | ഏതെല്ലാം പ്രദേശങ്ങളിലാണ് വരൾച്ചാക്കെടുതികൾ ബാധിച്ചിട്ടുള്ളത്; | (ബി) | എല്ലാ ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി) | സർക്കാർ ഇതിനകം സ്വീകരിച്ച ആശ്വാസനടപടികൾ എന്തെല്ലാമാണ്; | (സി) | സംസ്ഥാനമാകെ വരൾച്ച ബാധിതമായി പ്രഖ്യാപിച്ച് 31.12.2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ഓരോ ജില്ലയുടെ ചുമതല ഓരോ മന്ത്രിമാരെ ഏൽപ്പിച്ചിട്ടുണ്ട്. വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും അതിനു പാലിക്കേണ്ട മാനദണ്ഡങ്ങൾ സംബന്ധിച്ചും, വരൾച്ചാ ദുരിതാശ്വാസ/കുടിവെള്ള വിതരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ ജില്ലാ തലത്തിൽ സ്വീകരിക്കാനുതകുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ചും 28.12.2012-ൽ നം.77507/കെ3/2012/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതനുസരിച്ച് ജില്ലാ ചുമതലയുള്ള മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ അടിയന്തിര യോഗങ്ങൾ ചേർന്ന് അതാത് ജില്ലകളിൽ സ്വീകരിക്കേണ്ട വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് അവലോകനം നടത്തി ഏതൊക്കെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകണമെന്ന് തീരുമാനമെടുക്കുകയും പ്രവർത്തനങ്ങൾക്ക് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി അതാത് നിർവ്വഹണ വകുപ്പുകളിലൂടെ തീരുമാനങ്ങൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് നിബന്ധന അനുസരിച്ചുള്ള ടാങ്കർ ലോറിയിലുള്ള കുടിവെള്ള വിതരണം, പൈപ്പ് ലൈനുകളുടെ അറ്റകുറ്റ പണികൾ, പൊതുകുളം, കിണർ മുതലായ കുടിവെള്ള സ്രോതസുകളുടെ സംരക്ഷണം തുടങ്ങിയ |

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾക്ക് ജില്ലാ കളക്ടർമാർ അനുമതി നൽകി വരുന്നു. കേരള വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികൾ അതാത് വകുപ്പുകൾ മുഖേന നിർവ്വഹിച്ചു വരുന്നു. |
| (ഡി) | വരൾച്ച മൂലമുണ്ടായിട്ടുള്ള കൃഷി നാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; ജില്ലതിരിച്ചുള്ള ലഭ്യമായ കണക്കുകൾ നൽകുമോ; കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്. ഇതു സംബന്ധിച്ച് കൃഷി വകുപ്പ് ലഭ്യമാക്കിയിട്ടുള്ള ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട് നിബന്ധന പ്രകാരമുള്ള നഷ്ടപരിഹാരം ജില്ലാ കളക്ടർമാർ വഴി നൽകി വരുന്നു. |
| (ഇ) | രൂക്ഷമായ വരൾച്ച നേരിടുന്നതിന് എന്തു തുകയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്; വരൾച്ച ഫലപ്രദമായി നേരിടുന്നതിന് അനുവദിച്ച തുക മതിയാകുമെന്ന് കരുതുന്നുണ്ടോ? | (ഇ) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 85 കോടി രൂപ എല്ലാ ജില്ലകൾക്കുമായി അനുവദിച്ചിട്ടുണ്ട്. വരൾച്ചയുടെ തീവ്രതയും വ്യാപ്തിയും വിലയിരുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# PRELIMINARY REPORT ON DISTRICT WISE CROP DAMAGE DUE TO DROUGHT (KHARIF&RABI) 2012 -13 ( as on 12.02.2013 )

Report on 12.02.2013

| SL. NO. | DISTRICT | Total area affected(ha) | No of farmers affected | ESTIMATED LOSS (Rs) | ASSISTANCE PROPOSED (Rs) | Remarks |
|---|---|---|---|---|---|---|
| 1 | Thiruvananthapuram | 29935 | 26644 | 9038940000 | 3170130000 | |
| 2 | Kollam | 11925.11 | 7312 | 425629400 | 162876100 | |
| 3 | Alappuzha | 34266 | 7550 | 3071550000 | 929562500 | |
| 4 | Pathanamthitta | 27422 | 3252 | 5067250000 | 1809985000 | |
| 5 | Kottayam | 5267 | 752 | 750680000 | 257670000 | |
| 6 | Idukki | 15079 | 3565 | 2275799850 | 802528612.5 | |
| 7 | Ernakulam | 50 | 127 | 12050000 | 5250000 | |
| 8 | Trissur | 23040 | 1250 | 3911850000 | 1365587500 | |
| 9 | Palakkad | 67799.72 | 24973 | 11221840000 | 3940981250 | |
| 10 | Malappuram | 22127 | 864 | 3961760000 | 1422085000 | |
| 11 | Kozhikode | 3500 | 436 | 611825000 | 214118750 | |
| 12 | Wayanad | 63929 | 38125 | 17660155000 | 5735798750 | |
| 13 | Kannur | 427.5 | 153 | 17100000 | 4275000 | |
| 14 | Kasaragod | 1020 | 728 | 80200000 | 25010000 | |
| TOTAL | | 305787.3 | 115731 | 58106629250 | 19845858463 | |